## പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3711 — 30.01.2014 ന് മറുപടിയ്ക്ക്.

### കോടനാട് 'അഭയാരണ്യ' വന്യമൃഗസംരക്ഷണ കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സാജുപോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കോടനാട് കപ്രിക്കാട്ടെ അഭയാരണ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിന് സെൻട്രൽ സൂ അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) ഇല്ല. ആയത് സെൻട്രൽ സൂ അതോറിറ്റിയുടെ പരിഗണനയിലാണ്. |
| (സി) അഭയാരണ്യത്തോടനുബന്ധിച്ചുള്ള മൃഗാശുപത്രിയിൽ ഡോക്ടറുടേയും മറ്റ് ജീവനക്കാരുടേയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) ഇക്കാര്യം പരിഗണനയിലാണ്. |
| (ഇ) അഭയാരണ്യം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുവാൻ നടപ്പാക്കി വരുന്ന പദ്ധതികൾ അറിയിക്കുമോ ; | (ഇ) അഭയാരണ്യം നടപ്പിലാക്കുന്നതിലേക്കായി ചില പ്രധാന നടപടികൾ ഇതിനകം വനം വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. മാനുകളെ പാർപ്പിക്കുന്നതിലേക്കായി 4 എൻക്ലോഷറുകൾ പണി തീർത്തു. കോടനാട് നിന്നും മാനുകളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ സന്ദർശകർക്കായുള്ള നടപ്പാതയുടെ നിർമ്മാണവും ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിന് അംഗീകാരം ഇല്ലാതെ തുടർ നിർമ്മാണം അഭയാരണ്യത്തിനായി നീക്കിവച്ച പ്രദേശങ്ങളിൽ ഏറ്റെടുത്ത് നടത്തുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ, ആയതിനുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തി |

വരുന്നു. അതിനിടെ അഭയാരണ്യത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ മറ്റു തരത്തിൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ഏറ്റെടുത്ത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(എഫ്) കോടനാട് റെസ്ക്യൂ സെന്ററിൽ നിന്നും മുഴുവൻ മൃഗങ്ങളേയും അഭയാരണ്യത്തിലേക്ക് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരത്തോടെ വിവിധ മൃഗങ്ങൾക്കുള്ള എൻക്ലോഷറുകളുടെ നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷമേ എല്ലാ മൃഗങ്ങളേയും അഭയാരണ്യത്തിലേക്ക് മാറ്റാൻ സാധ്യമാവുകയുള്ളു.

(ജി) നെയ്ച്ചർ സ്റ്റഡി സെന്ററിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറേയും മറ്റ് ഉദ്യോഗസ്ഥരേയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ജി) ഇക്കാര്യം പരിഗണനയിലാണ്.

(എച്ച്) അഭയാരണ്യത്തിന്റെ വിപുലീകരണത്തിനും പരിപാലനത്തിനും നേതൃത്വം നൽകുവാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഉപദേശക സമിതി രൂപവൽക്കരിക്കുവാൻ തയ്യാറാകുമോ ?

(എച്ച്) കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.